**പതിമൂന്നാം കേരള നിയമസഭ**

**(THIRTEENTH KERALA LEGISLATIVE ASSEMBLY)**

# വിഷയനിർണ്ണയ സമിതി X
# (SUBJECT COMMITTEE X)

# വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും
# (FOREST, ENVIRONMENT AND TOURISM)

'ഉത്തരവാദിത്വ വിനോദസഞ്ചാരം' എന്ന വിഷയം സംബന്ധിച്ച
പ്രത്യേക റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടപ്രകാരമുള്ളത്

[Under Rule 239 of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2014 ഡിസംബർ 8-ാം തീയതി സമർപ്പിച്ചത്
(Presented on 8th December, 2014)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2014

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

## വിഷയനിർണ്ണയ സമിതി X

## (SUBJECT COMMITTEE X)

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

# (FOREST, ENVIRONMENT AND TOURISM)

**'ഉത്തരവാദിത്വ വിനോദസഞ്ചാരം' എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടപ്രകാരമുള്ളത്

[Under Rule 239 of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

1275/2014.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| കമ്മിറ്റിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# വിഷയനിർണ്ണയ സമിതി X

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

## (2013-2016)

### ഘടന

ചെയർമാൻ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ,
വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. എ. പി. അനിൽ കുമാർ,
പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. കെ. അജിത്

ശ്രീ. ബി. ഡി. ദേവസ്സി

ശ്രീ. കെ. ബി. ഗണേഷ് കുമാർ

ശ്രീ. റ്റി. യു. കുരുവിള

ശ്രീ. എസ്. രാജേന്ദ്രൻ

ശ്രീ. രാജു എബ്രഹാം

ശ്രീ. ബി. സത്യൻ

ശ്രീ. കെ. എം. ഷാജി

ശ്രീ. സണ്ണി ജോസഫ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജി. ഹരീഷ്, അണ്ടർ സെക്രട്ടറി.

# അവതാരിക

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച പത്താം വിഷയനിർണ്ണയ സമിതി-കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 പ്രകാരം 'ഉത്തരവാദിത്വ വിനോദസഞ്ചാരം' എന്ന വിഷയം സംബന്ധിച്ച റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

വൈവിധ്യമാർന്ന പ്രകൃതിസൗന്ദര്യം, കാലാവസ്ഥ, സസ്യ-വന്യജീവി സമ്പത്ത്, സംസ്കാരിക തനിമ എന്നിവയാൽ അനുഗ്രഹീതമായ കേരളം ദൈവത്തിന്റെ സ്വന്തം നാട് എന്ന് അറിയപ്പെടുന്നു. കാര്യക്ഷമമായ ടൂറിസ്റ്റ് പ്രചാരണം കൊണ്ട് സ്വദേശീയരും വിദേശീയരുമായ ടൂറിസ്റ്റുകളുടെ ആകർഷണ കേന്ദ്രമായി കേരളം മാറിയിട്ടുണ്ട്. ടൂറിസത്തെ പ്രോൽസാഹിപ്പിക്കുന്നതിന് ആവിഷ്കരിച്ച് നടപ്പിലാക്കിയ ആശയങ്ങളിൽ ഒന്നായ ഉത്തരവാദിത്വ ടൂറിസത്തിൽ അതിനാൽ സാമ്പത്തികം, സാമൂഹികം, പാരിസ്ഥിതികം എന്നീ മേഖലകൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനമാണ് ലക്ഷ്യമിടുന്നത്.

ടൂറിസത്തിൽനിന്നുള്ള വരുമാനം പ്രാദേശിക സാമ്പത്തിക വികസനത്തിന് പ്രയോജനപ്പെടുന്നതാകണം എന്നും ഒരു പ്രദേശത്തിന്റെ ദാരിദ്ര്യലഘൂകരണ പ്രവർത്തനങ്ങൾക്ക് ഈ വരുമാനം പ്രയോജനപ്പെടുത്തുകവഴി പ്രദേശവാസികൾക്ക് സാമ്പത്തികമായ പ്രയോജനംകൂടി സിദ്ധിക്കണം എന്നുകൂടി ഉത്തരവാദിത്വ ടൂറിസത്തിന്റെ സാമ്പത്തികതലം അർത്ഥമാക്കുന്നു. വിനോദസഞ്ചാര വകുപ്പിന്റെ പരിധിയിൽവരുന്ന ഉത്തരവാദിത്വ വിനോദസഞ്ചാരം എന്ന വിഷയം സംബന്ധിച്ച് സമിതി 24-9-2013-ൽ വിനോദസഞ്ചാര വകുപ്പിലെ ഉദ്യോഗസ്ഥരുമായി ചട്ടം 235 (എ) പ്രകാരം ചർച്ച നടത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ സമിതിക്ക് ലഭിച്ച വിവരങ്ങളും അതിന്മേലുള്ള സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

സമിതിയുടെ 31-10-2014-ൽ ചേർന്ന യോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം,
2014 ഒക്ടോബർ 31.

**തിരുവഞ്ചൂർ രാധാകൃഷ്ണൻ**
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി X.*

# റിപ്പോർട്ട്

കഴിഞ്ഞ കുറെ വർഷങ്ങളായി നടത്തിയ കാര്യക്ഷമമായ ടൂറിസ്റ്റ് പ്രചാരണം കൊണ്ട് സ്വദേശീയരും വിദേശീയരുമായ ടൂറിസ്റ്റുകളുടെ ആകർഷണ കേന്ദ്രമായി മാറിയ ഒരു സംസ്ഥാനമാണ് കേരളം. വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന് കാലാകാലങ്ങളിൽ സംസ്ഥാന ടൂറിസം വകുപ്പ് ധാരാളം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. അതിൽ പ്രധാനപ്പെട്ട ഒരു പദ്ധതിയാണ് ഉത്തരവാദിത്വ വിനോദസഞ്ചാരം.

2. വിനോദസഞ്ചാര സാധ്യതകൾ ഉള്ള പ്രദേശങ്ങളിലെ ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ ഒരുക്കിക്കൊണ്ടുതന്നെ പ്രസ്തുത പ്രദേശത്തെ, സഞ്ചാരികൾക്ക് സന്ദർശിക്കുവാനും താമസിക്കുവാനും ആസ്വദിക്കുവാനും കഴിയുന്ന ടൂറിസം ഡെസ്റ്റിനേഷനാക്കി മാറ്റുക എന്നതാണ് ഉത്തരവാദിത്വടൂറിസം കൊണ്ട് ഉദ്ദേശിക്കുന്നത്.

3. അന്തർദേശീയ തലത്തിലും ഇന്ന് ഏറ്റവും അധികം ചർച്ച ചെയ്യപ്പെടുന്ന വിനോദസഞ്ചാര മേഖലയിലെ നൂതന ആശയമാണ് ഉത്തരവാദിത്വ വിനോദസഞ്ചാരം. ലോകത്തിൽ ആദ്യമായി ഉത്തരവാദിത്വ വിനോദസഞ്ചാരം പ്രായോഗിക തലത്തിൽ എത്തിക്കാൻ ശ്രമിക്കുകയും ഒരു പരിധിവരെ അതിൽ വിജയിക്കുകയും ചെയ്ത പ്രദേശമാണ് കേരളം. ഈ പദ്ധതി നടപ്പാക്കിയതിനുശേഷം പ്രസ്തുത പ്രദേശങ്ങൾ ആർജ്ജിച്ച ഭൗതികനേട്ടങ്ങളേയും പദ്ധതി നടത്തിപ്പിലെ വൈഷമ്യങ്ങളെയും തികഞ്ഞ ആർജ്ജവത്തോടെ കൂടുതൽ പ്രദേശങ്ങളിലേക്ക് പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235എ പ്രകാരം വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച പത്താം വിഷയനിർണ്ണയ സമിതി 2013 സെപ്റ്റംബർ 24-ാം തീയതി യോഗം ചേരുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിശദാംശങ്ങൾ ആരായുകയും ചെയ്തിരുന്നു. ഈ വിഷയത്തിൽ സമിതി നടത്തിയ ചർച്ചയുടെയും തെളിവെടുപ്പിന്റേയും അടിസ്ഥാനത്തിൽ സമിതിക്ക് ബോധ്യപ്പെട്ട കാര്യങ്ങളും തദാനുസൃതമായുള്ള സമിതിയുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

4. 2006-2007 കാലഘട്ടത്തിലാണ് ഉത്തരവാദിത്വ വിനോദസഞ്ചാരം എന്ന ആശയം ഉടലെടുത്തത്. 2007 ഫെബ്രുവരിയിൽ തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരത്തിൽ നടന്ന ശില്പശാലയിൽവച്ച് ഇത് കേരളത്തിൽ ആരംഭിക്കുന്നതിനുള്ള പ്രാഥമിക തീരുമാനം കൈക്കൊള്ളുകയായിരുന്നു. ഇതിൻപ്രകാരം സംസ്ഥാനതല ഉത്തരവാദിത്വ ടൂറിസം കമ്മിറ്റിക്ക് രൂപം കൊടുക്കുകയും ഇതിനോടനുബന്ധമായ പ്രധാന മേഖലകളായ സാമ്പത്തികം, സാമൂഹികം, പാരിസ്ഥിതികം എന്നിവയിലെ പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം കൊടുക്കുന്നതിനായി മൂന്ന് വർക്കിംഗ് ഗ്രൂപ്പുകളെ ചുമതലപ്പെടുത്തുകയും ചെയ്തു. പൈലറ്റ് ഡെസ്റ്റിനേഷനുകളായി കോവളം, കുമരകം, തേക്കടി, വയനാട് എന്നീ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ തെരഞ്ഞെടുക്കുകയും ഈ നാല് ഡെസ്റ്റിനേഷനുകളിലും ഡെസ്റ്റിനേഷൻതല ഉത്തരവാദിത്വ ടൂറിസം കമ്മിറ്റികൾക്ക് രൂപം കൊടുക്കുകയും ചെയ്തു. വയനാട് ജില്ല എന്നത് പിന്നീട് വൈത്തിരി ക്ലസ്റ്റർ എന്ന പേരിൽ പരിമിതപ്പെടുത്തി.

5. ഈ സ്ഥലങ്ങളിലെ ബന്ധപ്പെട്ട പഞ്ചായത്തുകൾ, കുടുംബശ്രീ സംരംഭകർ, കർഷകർ, ടൂറിസം വ്യവസായ സംരംഭകർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് തദ്ദേശവാസികൾക്ക് ഗുണകരമായ ഉത്തരവാദിത്വ പരിപാടികൾക്ക് വേണ്ടിയുള്ള വിവിധ ഘട്ട ആസൂത്രണങ്ങളും പ്രവൃത്തികളും നടന്നുവരുന്നതായി സമിതി മനസ്സിലാക്കുന്നു. ടൂറിസത്തിന്റെ ഗുണഫലങ്ങൾ പരമാവധി തദ്ദേശീയർക്ക് ലഭ്യമാക്കുവാനും ദോഷഫലങ്ങൾ പരമാവധി കുറയ്ക്കുവാനും ഉത്തരവാദിത്വ വിനോദസഞ്ചാരം ലക്ഷ്യമിടുന്നു. ഒരു നാടിന്റെ പരിസ്ഥിതിയെയും പൈതൃകത്തെയും സംരക്ഷിക്കാതെ വിനോദസഞ്ചാരത്തിന് മുന്നോട്ട് പോകാനാവില്ല എന്ന് ഉത്തരവാദിത്വ വിനോദസഞ്ചാരം പ്രഖ്യാപിക്കുന്നു. അതോടൊപ്പം ടൂറിസത്തിന്റെ വികസനം തദ്ദേശീയ ഗ്രാമീണ വികസനത്തിനും ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കും സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾക്കുമുള്ള പ്രധാന ഉപാധിയായി സ്വീകരിച്ചുകൊണ്ട് പ്രാദേശിക സുസ്ഥിരവികസനത്തിന് ഉപയുക്തമാക്കുക എന്ന വിശാലമായ കാഴ്ചപ്പാടാണ് ഉത്തരവാദിത്വ ടൂറിസം മുന്നോട്ട് വയ്ക്കുന്നത്.

6. ഉത്തരവാദിത്വ വിനോദസഞ്ചാരം എന്ന ആശയം ഏറെ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും പ്രായോഗിക തലത്തിൽ നടപ്പിലാക്കിയ പ്രദേശങ്ങൾ വളരെ കുറവാണ്. അതുകൊണ്ടുതന്നെ കേരളത്തിൽ ഉത്തരവാദിത്വ ടൂറിസത്തിൽ സ്വന്തമായ ഒരു മാതൃക സൃഷ്ടിക്കാനുള്ള ആത്മാർത്ഥമായ ശ്രമങ്ങൾ സർക്കാർ നടത്തിവരുന്നു എന്നത് തികച്ചും അഭിനന്ദനം അർഹിക്കുന്ന ഒരു പ്രവർത്തനമായി സമിതി വിലയിരുത്തുന്നു.

7. സാമ്പത്തികം, സാമൂഹികം, പാരിസ്ഥിതികം എന്നീ മൂന്ന് മേഖലകളെ കേന്ദ്രീകരിച്ചാണ് പ്രധാനമായും ഉത്തരവാദിത്വ ടൂറിസം പ്രവർത്തിക്കുന്നത്. വിനോദസഞ്ചാര വ്യവസായത്തിലൂടെ ഒരു നിർദ്ദിഷ്ട പ്രദേശത്തേക്ക് ലഭ്യമാകുന്ന വരുമാനത്തിന്റെ പ്രധാന പങ്ക് ആ പ്രദേശത്തെ ജനങ്ങൾക്ക് ലഭ്യമാകേണ്ടതാണെന്ന ആശയമാണ് സാമ്പത്തിക ഉത്തരവാദിത്വ ടൂറിസം മുന്നോട്ടുവയ്ക്കുന്നത്. അതായത് ടൂറിസത്തിൽ നിന്നുള്ള വരുമാനം പ്രാദേശിക സാമ്പത്തിക വികസനത്തിന് പ്രയോജനപ്പെടുന്നതാകണം. പ്രത്യക്ഷമായും പരോക്ഷമായും ടൂറിസത്തിൽ നിന്ന് ലഭ്യമാകുന്ന വരുമാനം പ്രദേശത്തിന്റെ ദാരിദ്ര്യ ലഘൂകരണ പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തുകവഴി പ്രദേശവാസികൾക്ക് അധികവരുമാനം ലഭിക്കുന്ന ഒന്നായോ പ്രധാന വരുമാനം ലഭിക്കുന്ന ഒന്നായോ ടൂറിസം മാറണമെന്നാണ് ഉത്തരവാദിത്വ ടൂറിസത്തിന്റെ സാമ്പത്തികതലം അർത്ഥമാക്കുന്നത്.

8. ഒരു പ്രദേശത്തെ വിനോദസഞ്ചാരവികസനം അവിടത്തെ വൈവിദ്ധ്യമാർന്ന സാമൂഹ്യപശ്ചാത്തലവുമായി ബന്ധപ്പെട്ടുകിടക്കുന്നു. കലയും സംസ്ക്കാരവും പാരമ്പര്യവും സമ്മിശ്രമായ പ്രാദേശിക പൈതൃകത്തെ അംഗീകരിക്കുകയും അതാതുപ്രദേശത്തെ പ്രത്യേകതകളറിഞ്ഞ് അവയെ മാനിക്കുകയും ചെയ്യുന്നതിലൂടെയാണ് ഉത്തരവാദിത്വ ടൂറിസത്തിന്റെ നിലനിൽപ്പ്. പ്രാദേശിക സമൂഹത്തിന്റെ ദൈനംദിന ജീവിതത്തിന് ആഘാതമേൽപ്പിക്കാതെ മുന്നോട്ടുപോകുന്നതിന് ടൂറിസം വ്യവസായം ആസൂത്രണം ചെയ്ത് നടപ്പാക്കുന്നവർക്കും പങ്കാളികൾക്കും ബാധ്യതയുണ്ട്. പദ്ധതി ആദ്യം നടപ്പാക്കിയപ്പോൾ സാമ്പത്തിക ഉത്തരവാദിത്വത്തിനാണ്

പ്രാഥമിക പ്രാധാന്യം നൽകിയത്. പ്രവർത്തനം തുടങ്ങുന്നതിന് മുന്നോടിയായി മേൽപ്പറഞ്ഞ നാല് കേന്ദ്രങ്ങളുടെയും ടൂറിസം മേഖലയെ സംബന്ധിച്ച പഠനവും ആ രംഗത്തെ ജനകീയ പങ്കാളിത്തവും സൂക്ഷ്മമായ പഠനത്തിന് വിധേയമാക്കപ്പെട്ടു. അതോടൊപ്പം പ്രദേശികമായി ഉൽപാദിപ്പിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾ, ടൂറിസം വ്യവസായത്തിലെ വിനിയോഗം എന്നിവയും കിറ്റ്സിന്റെ നേതൃത്വത്തിൽ പഠനവിധേയമാക്കപ്പെട്ടു. ഇതിനുശേഷം ഓരോ സ്ഥലത്തും പഞ്ചായത്തുകളുടെ നേതൃത്വത്തിൽ പ്രത്യേക യോഗങ്ങളും ഡെസ്റ്റിനേഷൻ തലത്തിൽ ഉത്തരവാദിത്വ ടൂറിസം പ്രവർത്തനങ്ങളുടെ ആസൂത്രണവും നടന്നു.

9. പ്രവർത്തനങ്ങൾ ആരംഭിച്ച എല്ലാ ഡെസ്റ്റിനേഷനുകളിലും ഈ ദിശയിൽ നടന്ന പ്രവർത്തനങ്ങൾക്ക് ചെറുതല്ലാത്ത ചലനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും പരീക്ഷണശാലകളായി പരിഗണിക്കപ്പെട്ട ഈ ഡെസ്റ്റിനേഷനുകളിൽ കൂടുതൽ ഗുണകരമായ ഫലങ്ങൾ ദൃശ്യമായത് കുമരകത്താണെന്നും ഇവിടെനിന്ന് ലഭ്യമാകുന്ന ഫലങ്ങളും ഇതര ഡെസ്റ്റിനേഷനുകളിൽ ലഭ്യമാകുന്ന സൂചനകളും കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ ഉത്തരവാദിത്വ ടൂറിസത്തിന് അനന്തമായ സാദ്ധ്യതകളുണ്ടെന്ന വസ്തുത വിളിച്ചോതുന്നവയാണെന്നും സമിതി വിലയിരുത്തുകയുണ്ടായി.

10. 2008 മാർച്ച് 14-ന് ഉത്തരവാദിത്വ ടൂറിസം പ്രവർത്തനങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം കുമരകത്ത് വച്ചാണ് നടന്നതെന്നും തുടക്കത്തിൽ കുടുംബശ്രീ മിഷനിലൂടെ സൂക്ഷ്മതല സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ ഹോട്ടലുകളുമായി ധാരണാപത്രമുണ്ടാക്കി പഞ്ചായത്തുകളുടെ മേൽനോട്ടത്തിൽ ആരംഭിച്ച പ്രവർത്തനങ്ങൾക്കാണ് ടൂറിസം വകുപ്പ് നേതൃത്വം കൊടുത്തതെന്നും 2008 സെപ്റ്റംബർ മുതൽ ഉത്തരവാദിത്വ ടൂറിസം പ്രവർത്തനങ്ങളുടെ സാങ്കേതിക സഹായ യൂണിറ്റായി ജിറ്റ്പാക് ഇന്റർനാഷണലിനെ (GITPAC International) സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയതായും സമിതിമുമ്പാകെ റിപ്പോർട്ട് ചെയ്യപ്പെട്ടു. കൂടാതെ ഓരോ ഡെസ്റ്റിനേഷനുകളിലെയും പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ ഏകോപിപ്പിക്കുന്നതിനായി സംസ്ഥാനതലത്തിൽ ഒരു സെല്ലും ഡെസ്റ്റിനേഷനുകളിൽ ഓരോ സെല്ലുകളും പ്രവർത്തനം ആരംഭിച്ചതായും ഒന്നാം ഘട്ടത്തിൽ ആരംഭിച്ച സാമ്പത്തിക ഉത്തരവാദിത്വ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കുന്നതിനൊപ്പം സാമൂഹിക, പാരിസ്ഥിതിക ഉത്തരവാദിത്വ ടൂറിസം പ്രവർത്തനങ്ങളുടെ നിർവ്വഹണത്തിനും ഏകോപനത്തിനും സാങ്കേതിക സഹായം നൽകുക എന്നതായിരുന്നു ഈ സെല്ലുകളുടെ ചുമതല എന്നും ഓരോ ഡെസ്റ്റിനേഷനിലും ഡി എൽ ആർ റ്റി സി (DLRTC–Destination Level Responsible Tourism Committee)-യും അവയ്ക്ക് കീഴിൽ സാമ്പത്തിക, സാമൂഹിക, പാരിസ്ഥിതിക വർക്കിംഗ് ഗ്രൂപ്പുകളുമുണ്ടെന്നും സംസ്ഥാനതലത്തിൽ പ്രവർത്തനത്തിനും മേൽനോട്ടത്തിനും സ്റ്റേറ്റ് ലെവൽ റെസ്പോൺസിബിൾ ടൂറിസം കമ്മിറ്റിയും അവയ്ക്ക് കീഴിൽ സാമ്പത്തിക, സാമൂഹിക, പാരിസ്ഥിതിക വർക്കിംഗ് ഗ്രൂപ്പുകളുമാണുള്ളതെന്നും സമിതി മനസ്സിലാക്കി.

11. ടൂറിസം മേഖലയിൽ സംസ്ഥാന ടൂറിസം വകുപ്പ് നടപ്പാക്കിയ പുത്തൻ ആശയമായ ഉത്തരവാദിത്വ ടൂറിസം ഈ പരിപാടി നടപ്പാക്കിയ വിവിധ ഡെസ്റ്റിനേഷനുകളിൽ ഒരു വൻവിജയമായിരുന്നു എന്നാണ് പൊതുവായ വിലയിരുത്തൽ. സാമ്പത്തിക,

സാമൂഹിക, പാരിസ്ഥിതിക മേഖലകളിൽ വലിയ മാറ്റങ്ങൾക്കും പ്രസ്തുത പദ്ധതി തുടക്കം കുറിച്ചതായി കാണുന്നു. സാമ്പത്തിക ഉത്തരവാദിത്വം സംബന്ധിച്ച നേട്ടം കൈവരിക്കുന്നതിനായി സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുന്നതായും ഇതിന്റെ ഭാഗമായി കുടുംബശ്രീ അയൽക്കൂട്ടത്തെ പച്ചക്കറി കൃഷിയിലേക്കും സൂക്ഷ്മതല സംരംഭങ്ങളിലേക്കും കേന്ദ്രീകരിപ്പിക്കുവാനും ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് വരുമാനദായക പ്രവർത്തനങ്ങളിൽ പങ്കാളിയാക്കാനും കഴിയുമെന്ന് കുമരകത്ത് നടത്തിയ പരീക്ഷണം തെളിയിച്ചതായും കുടുംബശ്രീ ഗ്രൂപ്പുകളുടെ പച്ചക്കറി കൃഷി, സൂക്ഷ്മതല സംരംഭങ്ങൾ എന്നിവ കൃഷി ഉപേക്ഷിച്ച കർഷകരെ തിരികെ കൃഷിയിലെത്തിക്കാൻ ഒരളവുവരെ സഹായകമായി എന്നും സമിതി വിലയിരുത്തുന്നു. ടൂറിസം വ്യവസായവുമായി ബന്ധിപ്പിച്ച് കർഷകസമിതികളിലൂടെ വീട്ടുവളപ്പിലെ പരിമിതമായ ഭൂമിപോലും വിവിധ കൃഷികൾക്കായി ഉപയുക്തമാക്കുകയും 'ഹോംസ്റ്റെഡ് ഫാമിംഗ്' തുടങ്ങിയ പദ്ധതികൾ നടപ്പാക്കി, പ്രാദേശിക പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകയും ചെയ്തു. ഹോട്ടലുകളിലേക്ക് ഇടമുറിയാത്ത വിപണനം ഉറപ്പാക്കാൻ കാർഷിക കലണ്ടർ, കൃഷിചെയ്ത ഉൽപ്പന്നങ്ങൾ സംഭരിക്കാൻ സ്ത്രീകളും പുരുഷന്മാരും ചേരുന്ന സമൃദ്ധി ഉൽപ്പന്ന സംഭരണ വിപണന ഗ്രൂപ്പ്, ഇതര സപ്ലൈ ഗ്രൂപ്പ്, വിവിധ ഉൽപ്പാദക ഗ്രൂപ്പുകൾ, വിലതർക്കങ്ങൾ പരിഹരിക്കാൻ വിലനിർണ്ണയ കമ്മിറ്റി, ഗുണമേന്മ കമ്മിറ്റി, ഓരോ ഹോട്ടലും വാങ്ങിയ ഉൽപ്പന്നങ്ങളുടെ വില പ്രദർശിപ്പിക്കുന്ന ഹോട്ടൽ റാങ്കിംഗ് തുടങ്ങി നിരവധി പ്രായോഗിക മാതൃകകൾക്ക് തുടക്കം കുറിക്കുവാൻ ഈ പദ്ധതി സഹായകരമായതായും സമിതി മനസ്സിലാക്കുന്നു.

12. പ്രാദേശിക കലാ ഗ്രൂപ്പുകൾ രൂപീകരിച്ച് ഹോട്ടലുകളുമായി ബന്ധിപ്പിച്ച് വരുമാനം നേടാൻ സഹായിച്ചതും, ഹാന്റിക്രാഫ്റ്റ് യൂണിറ്റുകളെ ഹോട്ടലുകളുമായി ബന്ധിപ്പിച്ചതും, ഗ്രാമീണ ജീവിതം പ്രമേയമാക്കി ടൂർ പാക്കേജിലൂടെ ഓരോ വീട്ടുകാർക്കും വരുമാനം ഉറപ്പാക്കിയതും ഫെസ്റ്റിവൽ കലണ്ടറുകളും ഡെസ്റ്റിനേഷൻ ഡയറക്ടറിയും ഡെസ്റ്റിനേഷൻ ലേബർ ഡയറക്ടറിയും ജനകീയ ടൂറിസം സുരക്ഷാ കമ്മിറ്റിയും രൂപീകരിച്ചതും സാമൂഹിക ഉത്തരവാദിത്വ മേഖലയെ കൂടുതൽ ചലനാത്മകമാക്കി. കണ്ടൽ സംരക്ഷണ പ്രവർത്തനങ്ങൾ, ഇക്കോബാഗ് യൂണിറ്റുകൾ, പ്ലാസ്റ്റിക് ബദൽ ഉല്പന്നങ്ങൾ, പരിസരസേവികമാർ എന്നിവ ഉത്തരവാദിത്വ ടൂറിസം രംഗത്തെ പരിസ്ഥിതി പ്രവർത്തനങ്ങൾ മികച്ച മാതൃകാപ്രവർത്തനങ്ങളായി വിലയിരുത്തപ്പെടുന്നു.

13. തദ്ദേശസമൂഹത്തിന് ടൂറിസം ബിസിനസ്സിൽനിന്ന് സാമ്പത്തിക നേട്ടം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി കർഷകർ, കുടുംബശ്രീ പ്രവർത്തകർ, മറ്റ് വ്യക്തികൾ എന്നിവർ അടങ്ങുന്ന വിവിധ ഉൽപ്പാദന ഗ്രൂപ്പുകൾക്ക് ഉത്തരവാദിത്വ ടൂറിസം കേന്ദ്രങ്ങൾ രൂപം നൽകി. പച്ചക്കറി ഉൾപ്പെടെയുള്ള കാർഷിക ഉൽപ്പന്നങ്ങൾ, കറി പൗഡറുകൾ, മത്സ്യം, മാംസം, മെഴുകുതിരി, ചപ്പാത്തി, അച്ചാർ തുടങ്ങിയവ ഉൽപ്പാദിപ്പിക്കപ്പെടുന്നതിനുള്ള മൈക്രോ സംരംഭങ്ങൾ അടങ്ങുന്ന ഉൽപ്പാദന ഗ്രൂപ്പുകളാണ് പുതുതായി രൂപീകരിച്ചത്. ഓരോ പ്രദേശത്തെയും ഹോട്ടലുകളുടെയും ഹോം സ്റ്റേകളുടെയും ആവശ്യങ്ങൾക്ക് മുൻതൂക്കം നൽകിയാണ് ഗ്രൂപ്പുകൾക്ക് രൂപം നൽകിയിട്ടുള്ളത്. ഈ ഉൽപ്പാദന ഗ്രൂപ്പുകളെല്ലാംതന്നെ ഹോട്ടലുകളുമായി ബന്ധിക്കപ്പെട്ടിരിക്കുന്നതിനാൽ തങ്ങളുടെ പ്രവർത്തനങ്ങളിലുപരി വരുമാനം ആർജ്ജിക്കുന്നതിനുള്ള അവസരം തദ്ദേശസമൂഹത്തിന് ലഭ്യമായി.

14. കൂടാതെ ആവശ്യാനുസരണം സാധനങ്ങൾ യഥാസമയം ലഭ്യമാക്കുക എന്നത് ഹോട്ടൽ വ്യവസായത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനമാണ്. കുടുംബങ്ങൾക്കും കർഷകർക്കും വ്യക്തികൾക്കും മറ്റും എല്ലാ ദിവസവും കൃത്യസമയത്ത് തങ്ങളുടെ ഉൽപ്പന്നങ്ങൾ ഹോട്ടലുകളിൽ എത്തിക്കാൻ പല കാരണങ്ങളാൽ സാധിക്കാതെവന്നു എന്ന തിരിച്ചറിവാണ് സംരംഭഗ്രൂപ്പുകൾ രൂപീകരിക്കാൻ ഉത്തരവാദിത്വ ടൂറിസം പ്രവർത്തകരെ പ്രേരിപ്പിച്ച ഘടകം. പഞ്ചായത്തിന്റെ നേതൃത്വത്തിൽ ടൂറിസം കേന്ദ്രങ്ങളിൽ ഇതിനായി സമൃദ്ധി ഗ്രൂപ്പുകൾ രൂപീകരിക്കപ്പെട്ടു. സമൃദ്ധിയിലെ അംഗങ്ങൾ കർഷകരുടെ വീടുകളിൽ നേരിട്ടെത്തി വില്പനയ്ക്കുള്ള ഉൽപ്പന്നങ്ങൾ നിശ്ചിത വിലയ്ക്കുവാങ്ങി സമൃദ്ധി ഷോപ്പുകളിൽ എത്തിക്കുകയും അവിടെനിന്ന് ആവശ്യാനുസരണം കൃത്യസമയത്ത് ഹോട്ടലുകളിൽ ലഭ്യമാക്കുകയും ചെയ്തുവരുന്നതായി സമിതി മനസ്സിലാക്കുന്നു.

15. അതോടൊപ്പംതന്നെ ഹോട്ടലുകൾക്ക് ആവശ്യമായ പച്ചക്കറിയും മറ്റുല്പന്നങ്ങളും നൽകിവന്നിരുന്ന പ്രവർത്തി ആറു മാസം മുതൽ ഒരു വർഷംവരെയുള്ള കരാറിന്റെ അടിസ്ഥാനത്തിൽ കോൺട്രാക്ടർമാരാണ് ചെയ്തുവന്നിരുന്നത്. എന്നാൽ ഇങ്ങനെയുള്ള കരാറിലേർപ്പെടുന്ന ചെറുകിട കർഷകനോ കുടുംബത്തിനോ ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിലേക്കായി പഞ്ചായത്ത് പ്രതിനിധികൾ, ഹോട്ടൽ വ്യാപാരികൾ, ഉൽപ്പാദകർ, ഉത്തരവാദിത്വ ടൂറിസം പ്രവർത്തകർ തുടങ്ങിയവർ അടങ്ങുന്ന വിലനിർണ്ണയ കമ്മിറ്റികൾ ഉത്തരവാദിത്വ ടൂറിസം കേന്ദ്രങ്ങളിൽ ആരംഭിക്കുകയും പ്രതിമാസം ചേരുന്ന ഈ കമ്മിറ്റികളിൽ പരസ്പര ചർച്ചയിലൂടെ ഓരോ സാധനങ്ങളുടെയും വില നിശ്ചയിക്കുകയും ആ വിലയ്ക്ക് സാധനങ്ങൾ വിപണനം നടത്തുകയും ചെയ്തതു നിമിത്തം ഉല്പാദകർക്ക് മാന്യമായ വില ലഭിക്കുന്ന സ്ഥിതി സംജാതമാവുകയുണ്ടായി.

16. അതുപോലെ വിവിധ ഗ്രൂപ്പുകളും വ്യക്തികളും ഉൽപ്പാദനരംഗത്ത് നിൽക്കുന്നതിനാൽ ഗുണനിലവാരം ഉറപ്പാക്കുക എന്നത് ശ്രമകരമായ ദൗത്യമായിരുന്നു. ഹോട്ടലുകൾക്കും അതുവഴി സഞ്ചാരികൾക്കും മെച്ചപ്പെട്ട സാധനങ്ങൾ ലഭ്യമാക്കുന്നതിനായി പഞ്ചായത്തിന്റെ നേതൃത്വത്തിൽ എല്ലാ കേന്ദ്രങ്ങളിലും പ്രത്യേക ഗുണനിലവാര കമ്മിറ്റികൾ പ്രവർത്തിക്കാൻ തുടങ്ങിയതോടെ ഈ രംഗത്തും കാര്യമായ ഒരു മാറ്റം ഉണ്ടാക്കാൻ കഴിഞ്ഞതായി സമിതി വിലയിരുത്തുന്നു.

17. ഒരു പ്രദേശത്തെ സാമൂഹിക സാംസ്കാരിക ഘടകങ്ങൾക്ക് കോട്ടം തട്ടാതെയും അതേസമയം അതിനെ ശക്തിപ്പെടുത്തുവാനും ലക്ഷ്യമിട്ട പ്രവർത്തനങ്ങളാണ് ഈ രംഗത്ത് ഉത്തരവാദിത്വ ടൂറിസം നടപ്പിലാക്കിയിട്ടുള്ളത്. സമൂഹത്തിലെ വിവിധ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനം നൽകി സാമ്പത്തിക നേട്ടം സംജാതമാകുവാനുള്ള അവസരം ഇവിടെ സൃഷ്ടിക്കപ്പെടുന്നു. ഇത്തരത്തിൽ സാമൂഹിക രംഗത്ത് പ്രധാനപ്പെട്ട പല പ്രവർത്തനങ്ങളും ഏറ്റെടുത്തിരിക്കുന്നു. അതുകൂടാതെ ഓരോ പ്രദേശത്തെയും തനത് കലാരൂപങ്ങൾ കണ്ടെത്തി തദ്ദേശീയർക്കുവേണ്ട പരിശീലനം നൽകി സന്ദർശകർക്ക് ആകർഷക പാക്കേജുകൾക്ക് രൂപം നൽകി ഇവിടെ നടപ്പാക്കി വരുന്നു. സ്ത്രീകൾ, കുട്ടികൾ തുടങ്ങിയവരുടെ പ്രത്യേക ഗ്രൂപ്പുകൾ ഇതിനായി

രൂപീകരിക്കപ്പെട്ടു. തിരുവാതിര, കോൽക്കളി, ശിങ്കാരിമേളം തുടങ്ങിയവ വ്യാപകമായി സഞ്ചാരികളുടെ ശ്രദ്ധ പിടിച്ചുപറ്റുകയും ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് സാമ്പത്തികനേട്ടം ഉണ്ടാക്കുകയും ചെയ്യുന്നു.

18. തദ്ദേശീയമായി ലഭ്യമായ വിഭവങ്ങൾ ഉപയോഗിച്ച് പ്രാദേശിക പ്രത്യേകതകൾ ഉള്ള സ്മരണികകൾക്ക് രൂപം നൽകി തദ്ദേശവാസികൾക്ക് അവ ഉൽപ്പാദിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനുമുള്ള പരിശീലനം ഈ പദ്ധതി മുഖാന്തിരം നൽകിവരുന്നതായി സമിതി മനസ്സിലാക്കുന്നു. കുടുംബങ്ങളിൽ നിർമ്മിക്കപ്പെടുന്ന വിവിധ രീതീയിലുള്ള ഹൗസ് ബോട്ടുകളുടെ മാതൃകകൾ, ചീനവലകൾ, പാള, മുള, ചിരട്ട, തൊണ്ട്, കളിമണ്ണ്, വിവിധയിനം തടികൾ, കയർ, കടലാസ് തുടങ്ങിയവ കൊണ്ടുള്ള ആകർഷകമായ മാതൃകകൾ തുടങ്ങിയവ ഇതിന്റെ ഭാഗമായി വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇത് കുടുംബിനികൾക്കും പ്രാദേശിക സമൂഹത്തിനും നല്ലൊരു വരുമാനമാർഗ്ഗമായി കാണാവുന്നതാണ്.

19. ടൂറിസം കേന്ദ്രങ്ങളിലെത്തുന്ന സഞ്ചാരികൾ കൂടുതൽ ദിവസം അവിടെ തങ്ങാനും പണം ചെലവഴിക്കാനും പ്രേരിപ്പിക്കണമെങ്കിൽ അതിനനുസരിച്ചുള്ള ആകർഷണങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. ടൂറിസം കേന്ദ്രങ്ങളിലും സമീപപ്രദേശത്തും ഗ്രാമീണ ജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും പ്രത്യേകതകളും ഇതിനായി കണ്ടെത്തി പട്ടികപ്പെടുത്തുകയോ ശാസ്ത്രീയമായ രീതിയിൽ ഏകോപിപ്പിക്കുകയോ ചെയ്തുകൊണ്ട് വിവിധ രീതിയിലുള്ള ടൂർ പാക്കേജുകൾക്ക് രൂപം നൽകുകയും ചെയ്തു. ഇതിനനുസരിച്ച് 2 മുതൽ 6 മണിക്കൂർവരെ ദൈർഘ്യമുള്ള ആകർഷകമായ ടൂർ പാക്കേജുകൾ രൂപപ്പെടുത്തി ഗ്രാമപ്രദേശങ്ങളിൽനിന്ന് തെരഞ്ഞെടുത്ത യുവതീയുവാക്കൾക്ക് ടൂർ ഗൈഡിംഗിനുള്ള പ്രത്യേക പരിശീലനവും നൽകി ഒറ്റയ്ക്കും ഗ്രൂപ്പായും എത്തുന്ന സഞ്ചാരികൾക്ക് ഈ പാക്കേജുകൾ നിശ്ചിത വിലയ്ക്ക് ലഭ്യമാക്കുന്നു. ഇതിൽനിന്നുള്ള വരുമാനം പാക്കേജിന്റെ ഭാഗമായി മാറുന്ന കുടുംബങ്ങൾക്കും ഗതാഗതസൗകര്യം തരപ്പെടുത്തുന്ന തദ്ദേശവാസികൾക്കും സഞ്ചാരികളെ അനുഗമിക്കുന്ന ടൂർ ഗൈഡിനും ലഭ്യമാകുന്നു. ആഗോളശ്രദ്ധ പിടിച്ചുപറ്റിയ വി.എൽ.ഇ. പാക്കേജുകൾ തദ്ദേശീയർക്ക് വരുമാനമുണ്ടാക്കുന്നതിനോടൊപ്പം ടൂറിസം കേന്ദ്രങ്ങളുടെ മാറ്റ് വർദ്ധിപ്പിക്കുകയും ചെയ്യുന്നതായും വി.എൽ.ഇ. പാക്കേജുമായി ബന്ധപ്പെട്ട് നിലവിൽ 97 കുടുംബങ്ങൾ കോവളം, കുമരകം, വയനാട് എന്നീ പ്രദേശങ്ങളിൽ പ്രവർത്തിച്ച് വരുന്നതായും സമിതി മുമ്പാകെ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

20. ടൂറിസം കേന്ദ്രങ്ങളിലെ ജീവിതശൈലികൾക്ക് ഊന്നൽ നൽകിക്കൊണ്ട് സ്ത്രീകളുടെ നേതൃത്വത്തിൽ നാടൻ ഭക്ഷണശാലകൾ (Ethnic restaurant) പ്രവർത്തിച്ച് വരുന്നതായും ഇതിനായി തെരഞ്ഞെടുക്കപ്പെട്ടവർക്ക് പ്രത്യേക പരിശീലനവും നൽകിയിട്ടുള്ളതായും നാടൻ വിഭവങ്ങളുടെ രുചി, ഗുണം, പ്രത്യേകത എന്നിവ അറിയാനും അനുഭവിക്കാനും ആസ്വദിക്കാനുമുള്ള അവസരം സഞ്ചാരികൾക്ക് നൽകുന്നതിനോടൊപ്പം സ്ത്രീകൾക്ക് മാന്യമായ വരുമാനം ലഭിക്കാനുള്ള അവസരം ഈ ഭക്ഷണശാലകൾ നൽകുന്നതായും സമിതി മനസ്സിലാക്കുന്നു. സ്ത്രീശാക്തീകരണത്തിന്റെ നല്ല ഉദാഹരണമായി ഇത്തരം നടപടികളെ അംഗീകരിക്കേണ്ടതാണെന്നതാണ് ഇക്കാര്യത്തിലുള്ള സമിതിയുടെ വ്യക്തമായ അഭിപ്രായം.

21. ടൂറിസം കേന്ദ്രങ്ങളെ സമ്പൂർണ്ണ മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യത്തോടുകൂടി വീടുകൾ, ഹോട്ടലുകൾ തുടങ്ങി ഒരു ടൂറിസം കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും പൊതുവായ പ്രദേശങ്ങളിലും ദൈനംദിനം സൃഷ്ടിക്കുന്ന മാലിന്യത്തിന്റെ അളവ്, ഇനം എന്നിവ സർവ്വേയിലൂടെ തിട്ടപ്പെടുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ഉത്തരവാദിത്വ ടൂറിസം നടപടി സ്വീകരിച്ചുവരുന്നതായും ശുചിത്വകേരള മിഷനുമായി ചേർന്ന് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുക, പൈപ്പ് കമ്പോസ്റ്റുകൾ സ്ഥാപിക്കുക, പ്ലാസ്റ്റിക് മാലിന്യം പ്രത്യേകം ശേഖരിച്ച് നീക്കംചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി നടത്തപ്പെടുന്നതായും സമിതി മനസ്സിലാക്കുന്നു.

22. കായൽ പ്രദേശവുമായി ബന്ധപ്പെട്ട് കിടക്കുന്ന പ്രദേശങ്ങളിൽ കണ്ടൽ കാടുകളെ സംരക്ഷിക്കുന്നതിനും തദ്ദേശവാസികളുടെയും ഹോട്ടലുകളുടെയും പങ്കാളിത്തത്തോടെ കണ്ടൽച്ചെടികൾ വച്ചുപിടിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുള്ളതായും അന്യം നിന്നുപോകുന്ന ഫലവൃക്ഷങ്ങളുടെ ഇനങ്ങൾ കണ്ടെത്തി അവ വച്ച് പിടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ടൂറിസം കേന്ദ്രങ്ങളിൽ വ്യാപകമായി നടന്നുവരുന്നതായും സമിതി മുമ്പാകെ വെളിവാക്കപ്പെട്ടു. കൂടാതെ ഹോട്ടലുകൾക്കാവശ്യമായ പച്ചക്കറികളുടെ ഉത്പാദനത്തിന്റെ ഭാഗമായി പൊതുസ്ഥലങ്ങൾ, തരിശുസ്ഥലങ്ങൾ, തരിശുകൃഷിയിടങ്ങൾ എന്നിവ കൃഷിക്കുവേണ്ടി ഉപയോഗിച്ച് കാർഷികഭൂമിയുടെ അളവിൽ വർദ്ധനവ് വരുത്തുന്നതിനും ഉത്തരവാദിത്വ ടൂറിസം വിജയിച്ചിട്ടുണ്ടെന്നും ഈ ഗണത്തിൽ കുമരകത്തുമാത്രം 168-ഓളം ഏക്കർ ഭൂമി കൃഷിയോഗ്യമാക്കാൻ  കഴിഞ്ഞിട്ടുണ്ടെന്നും സമിതിക്ക് അറിയാൻ കഴിഞ്ഞു.

23. മേൽപ്പറഞ്ഞ എല്ലാ വിഷയങ്ങളും തുടർച്ചയായും കുറ്റമറ്റതായും നടപ്പിൽ വരണമെങ്കിൽ ഹോട്ടലുകളെയും വ്യവസായികളെയും അതിനായി പ്രേരിപ്പിക്കേണ്ടതുണ്ട്. സാമ്പത്തിക, സാമൂഹിക, പാരിസ്ഥിതിക ഉത്തരവാദിത്വ പ്രവർത്തനങ്ങളിൽ ഹോട്ടലുകളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഉത്തരവാദിത്വ ക്ലാസിഫിക്കേഷൻ എന്നപേരിൽ ഒരു പദ്ധതി വിഭാവന ചെയ്തതായും ഇതിനായി പ്രത്യേകമായ രൂപരേഖ തയ്യാറാക്കുകയും ഹോട്ടലുടമകൾക്ക് ആവശ്യമായ പരിശീലനം നൽകുകയും ചെയ്തതായി സമിതി മനസ്സിലാക്കുന്നു. ഉത്തരവാദിത്വ ടൂറിസത്തിന്റെ അടിസ്ഥാനത്തിൽ ഹോട്ടലുകൾക്ക് ക്ലാസിഫിക്കേഷൻ നടപ്പിലാക്കുന്ന ആദ്യത്തെ സംസ്ഥാനമായി കേരളം മാറിയതായും  സംസ്ഥാന സർക്കാർ നൽകുന്ന വിവിധയിനം ഇളവുകളെ ഹോട്ടൽ ക്ലാസിഫിക്കേഷനുമായി ബന്ധിപ്പിച്ചത് ഈ രംഗത്തേക്ക് കടന്നുവരാൻ മറ്റ് ഹോട്ടലുകളെ പ്രേരിപ്പിച്ചതായും കുമരകത്തെ 95% ഹോട്ടലുകളെയും ക്ലാസിഫിക്കേഷൻ പദ്ധതിയുടെ കീഴിൽ കൊണ്ടുവരാൻ കഴിഞ്ഞത് വലിയ നേട്ടമാണെന്നും ഇതിന്റെ ചുവടുപിടിച്ചുള്ള പ്രവർത്തനമാണ് മറ്റ് ഉത്തരവാദിത്വ ടൂറിസം കേന്ദ്രങ്ങളിൽ നടക്കുന്നതെന്നും സമിതിയിൽ റിപ്പോർട്ട് ചെയ്യപ്പെടുകയുണ്ടായി. കൂടാതെ ആഗോളതലത്തിൽ ഉത്തരവാദിത്വ ടൂറിസം നടപ്പിലാക്കുന്നത് മനസ്സിലാക്കുന്നതിനും കേരളത്തിലെ പ്രവർത്തനങ്ങൾ അന്താരാഷ്ട്ര സമൂഹത്തിന് മുന്നിൽ സമർപ്പിക്കുന്നതിനുമായി 2013 ജൂൺ മാസത്തിൽ ഉത്തരവാദിത്വ ടൂറിസവുമായി

ബന്ധപ്പെട്ട് ഒരു അന്താരാഷ്ട്ര സമ്മേളനം നടത്തുകയുണ്ടായെന്നും ഈ സമ്മേളനത്തിൽ ബ്രിട്ടൻ, ഗാംബിയ, ഭൂട്ടാൻ, ശ്രീലങ്ക, മെക്കോങ് പ്രദേശം തുടങ്ങിയ വിദേശ രാജ്യങ്ങളിൽ നിന്നും ദേശീയതലത്തിൽ നിന്നും 150-ഓളം പ്രതിനിധികൾ പങ്കെടുത്തതായും സമിതിയിൽ വെളിവാക്കപ്പെട്ടു.

24. ഉത്തരവാദിത്വ ടൂറിസം കേന്ദ്രങ്ങൾ കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുന്നതിന്റെ ഭാഗമായി കോവളം, കുമരകം, തേക്കടി, വൈത്തിരി എന്നീ പ്രാരംഭകേന്ദ്രങ്ങളിലും തുടർന്ന് ഉത്തരവാദിത്വ ടൂറിസം ശ്രേണിയിലേക്ക് ചേർക്കപ്പെട്ട കുമ്പളങ്ങി, അമ്പലവയൽ, ബേക്കൽ എന്നീ പ്രദേശങ്ങളിലും ആരംഭിച്ച ഡെസ്റ്റിനേഷൻ സെല്ലുകൾ നിലവിൽ സജീവമായി പ്രവർത്തിച്ചു വരുന്നതായും പ്രാരംഭ പ്രവർത്തനങ്ങൾക്കായി റിസോഴ്സ് ഡയറക്ടറി, ലേബർ ഡയറക്ടറി എന്നിവ തയ്യാറാക്കുന്നതിന്റെ പ്രവർത്തനങ്ങളുടെ അന്തിമഘട്ടത്തിലാണ് എന്നും സമിതിക്ക് അറിയാൻ സാധിച്ചു. തദ്ദേശവാസികളെ ഉത്തരവാദിത്വ ടൂറിസം പ്രവർത്തനങ്ങളിലേക്ക് സജ്ജമാക്കുന്ന പരിശീലന പ്രവർത്തനങ്ങൾ എല്ലാ കേന്ദ്രങ്ങളിലും നടന്നുവരുന്നതായും ഉത്തരവാദിത്വ ടൂറിസം പ്രവർത്തനങ്ങളുടെ അടിത്തറ വ്യാപിപ്പിച്ച് കൂടുതൽ ടൂറിസം കേന്ദ്രങ്ങളിലെ സ്ഥലവാസികൾക്ക് പ്രയോജനം ലഭ്യമാക്കുന്നതിനും വേണ്ടിയുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതായും പ്രധാന ടൂറിസം കേന്ദ്രങ്ങൾ നിലകൊള്ളുന്ന പഞ്ചായത്തുകൾ/സമീപ പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ ഉത്തരവാദിത്വ ടൂറിസം വ്യാപിപ്പിക്കുന്നതിനുളള രൂപരേഖ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതായും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതി മുമ്പാകെ വിശദീകരിക്കുകയുണ്ടായി. സംസ്ഥാനത്തെ വിനോദസഞ്ചാര വകുപ്പ് ലഭ്യമാക്കിയ രേഖകൾ പ്രകാരം ഉത്തരവാദിത്വ വിനോദസഞ്ചാര പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിശദാംശം അടങ്ങുന്ന ലിസ്റ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു.

**സമിതിയുടെ കണ്ടെത്തലുകളും അഭിപ്രായങ്ങളും**

25. ഉത്തരവാദിത്വ വിനോദസഞ്ചാരം ആദ്യം ഏറ്റെടുത്ത സംസ്ഥാനമാണ് കേരളം. ഈ പദ്ധതി മുൻകാലത്ത് സസ്റ്റൈനബിൾ ടൂറിസം (Sustainable Tourism) എന്ന പേരിലാണ് നടപ്പിലാക്കിയിരുന്നത്. മറ്റ് ഉറവിടങ്ങളെ ബാധിക്കാതെ ടൂറിസം എങ്ങനെ മുന്നോട്ടുകൊണ്ടുപോകണം എന്ന കാഴ്ചപ്പാടാണ് സസ്റ്റൈനബിൾ ടൂറിസം പദ്ധതികൊണ്ടുദ്ദേശിച്ചിരുന്നതെന്നും എന്നാൽ ഒരു സമൂഹത്തിന്റെ സാമാന്യമായ വികസനത്തിന് ടൂറിസം എങ്ങനെ സഹായകമാക്കാമെന്ന ലക്ഷ്യത്തോടെയാണ് ഉത്തരവാദിത്വ ടൂറിസം (Responsible Tourism) പദ്ധതി സൃഷ്ടിക്കപ്പെട്ടതെന്നും അത് നടപ്പാക്കി വരുന്നതെന്നും ഈ സംരംഭംകൊണ്ട് മുഖ്യമായും സാമ്പത്തിക സാമൂഹിക പാരിസ്ഥിതിക ഉത്തരവാദിത്വമാണ് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത് എന്നും സമിതി മനസ്സിലാക്കുന്നു. ഹോട്ടലുകൾക്ക് ആവശ്യമായ സാധനങ്ങൾ പ്രദേശവാസികളിൽ നിന്ന് വാങ്ങുമ്പോൾ ഉൽപ്പാദകർക്ക് ന്യായവില ലഭിക്കുകയും അതിലൂടെ അവർക്ക് സാമ്പത്തിക ലാഭം ലഭിക്കുകയും ചെയ്യുന്നതുകൂടാതെ തങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ പ്രദേശികമായിത്തന്നെ വിപണനം ചെയ്യുന്ന കാരണത്താൽ പ്രാദേശിക സമൂഹത്തിൽ തൊഴിൽ സാദ്ധ്യതയും വർദ്ധിക്കുമെന്നും സമിതി വിലയിരുത്തുന്നു.

26. പദ്ധതി വിജയകരമായി നടത്തിയിട്ടുള്ളത് കുമരകത്താണെന്നും കുമരകത്ത് പ്രവർത്തിക്കുന്ന 22 ഹോട്ടലുകളിൽ 18 എണ്ണം ഉത്തരവാദിത്വ വിനോദസഞ്ചാര പദ്ധതിയുമായി സഹകരിക്കുന്നവയാണെന്നും ഓരോ ഹോട്ടലും എത്ര രൂപയ്ക്കുള്ള സാധനങ്ങൾ വാങ്ങുന്നുണ്ടെന്നും പ്രദേശവാസികൾക്ക് എത്രത്തോളം സഹായമാകുന്നു വെന്നും പരിശോധിച്ച് സർട്ടിഫൈ ചെയ്യുന്നുണ്ടെന്നും സമിതിക്ക് ബോധ്യപ്പെട്ടു. 2012-ലെ വിനോദസഞ്ചാരനയം അനുസരിച്ച് ഉത്തരവാദിത്വ വിനോദസഞ്ചാരം അംഗീകരിച്ചാൽ മാത്രമേ ഹോട്ടലുകൾക്ക് ഫിസിക്കൽ ഇൻസെന്റീവ് സബ്സിഡി ലഭിക്കുകയുളളൂവെന്നും സമിതി മനസ്സിലാക്കി. ഈ പദ്ധതിയിലൂടെ കുമരകത്തെ 1100 വീടുകൾക്ക് നേരിട്ട് വരുമാനം ലഭിക്കുന്നുണ്ട്. പച്ചക്കറിക്കൃഷിക്കാവശ്യമായ വിത്ത് കൃഷിവകുപ്പും പഞ്ചായത്തുകളും മുഖാന്തിരമാണ് വിതരണം ചെയ്യുന്നത്.

27. ജനങ്ങളുടെ വലിയൊരു പങ്കാളിത്തമുള്ള ഒരു ആശയമായതിനാൽ ഉത്തരവാദിത്വ ടൂറിസം എന്നതിലുപരി 'ജനകീയ ടൂറിസം' എന്ന പേരാകും കൂടുതൽ ഉചിതം എന്നാണ് സമിതിയുടെ വിലയിരുത്തൽ. ടൂറിസ്റ്റു കേന്ദ്രമായ കോവളത്തു വരുന്ന ടൂറിസ്റ്റുകളിൽ നിന്ന് പരോക്ഷമായി സംസ്ഥാനത്തിന് വരുമാനം ലഭിക്കുന്നുണ്ടെങ്കിലും അവിടെ പ്രദേശവാസികളുടെ പങ്കാളിത്തം തീരെ ഇല്ല എന്നതാണ് അനുഭവത്തിൽ കാണുന്നത്. അതേസമയം കുമരകത്തെ 22-ഓളം മേജർ ഹോട്ടലുകൾക്ക് ആവശ്യമായ സാധനങ്ങൾ നൽകുന്നത് അവിടുത്തെ ജനങ്ങളും അയൽക്കൂട്ടങ്ങളു മായതിനാൽ ടൂറിസത്തിന്റെ ഗുണം ജനങ്ങൾക്ക് കൂടി ലഭിക്കുന്നു.

28. <u>ഉത്തരവാദിത്വ വിനോദസഞ്ചാരം നടപ്പിലാക്കിയതുമൂലം കുമരകത്തുണ്ടായതു പോലുള്ള വിജയം കോവളത്ത് ആവർത്തിക്കാനാകുമോ എന്ന കാര്യം പരിശോധിക്കണ മെന്നും കോവളത്ത് കുടുംബശ്രീയെയും അയൽക്കൂട്ടങ്ങളേയും ഹോട്ടലുകളുമായി ബന്ധപ്പെടുത്തിക്കൊണ്ടും കുടുംബശ്രീയുടെ ഉൽപ്പന്നങ്ങൾ ഹോട്ടലുകൾ വാങ്ങുന്ന തുവഴി ടൂറിസത്തിന്റെ ഗുണം സാധാരണക്കാർക്കുകൂടി ലഭിക്കുന്നവിധത്തിൽ പദ്ധതി ആവിഷ്കരിക്കണമെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെക്കൂടി ഈ യജ്ഞത്തിൽ ഭാഗഭാക്കാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

29. നമ്മുടെ സംസ്ഥാനത്ത് ഉത്തരവാദിത്വ ടൂറിസവ്യാപനത്തിന് വളരെ സാധ്യത യുള്ളതായ ഒട്ടനവധി സ്ഥലങ്ങളും പ്രദേശങ്ങളും ഉള്ളതായി സമിതി വിലയിരുത്തുന്നു. അതിരപ്പിള്ളി അത്തരത്തിലുള്ള സ്ഥലമാണെന്നും സമീപപ്രദേശമായ മലക്കപ്പാറയിൽ ടൂറിസ്റ്റുകൾക്കുള്ള സൗകര്യങ്ങൾ ഒരുക്കിയാൽ ടൂറിസത്തിന് വളരെ സാധ്യതയുള്ള സ്ഥലമാണെന്നും സമിതി വിലയിരുത്തുന്നു. എന്നാൽ, ഇപ്പോൾ ഇവിടെ താമസത്തിനും ഭക്ഷണത്തിനും പരിമിതമായ സൗകര്യമാണുള്ളത്. <u>സമീപപ്രദേശങ്ങളിൽ അധിവസിക്കുന്ന ആദിവാസികൾ ഉൾപ്പെടെയുള്ളവരുടെ ഉന്നമനത്തിന് വഴിയൊരുക്കു മെന്നതിനാൽ ആതിരപ്പള്ളി പ്രദേശത്തെ ഉത്തരവാദിത്വ ടൂറിസ പദ്ധതിയിൽപ്പെടുത്തുന്ന തിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

30. വിനോദസഞ്ചാര ഭൂപടത്തിൽ ഏറെ സാധ്യതകൾ കല്പിക്കപ്പെട്ടിട്ടുള്ള വയനാട് ജില്ലയിൽ ഈ പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട അനുബന്ധ പ്രവർത്തനങ്ങളിൽ പുരോഗതിയുണ്ടെങ്കിലും ഉൽപ്പന്നങ്ങളുടെ സമാഹരണവും

വിപണനവും സംബന്ധിച്ച് ഹോട്ടലുകളുമായി ബന്ധം സ്ഥാപിക്കാൻ കഴിഞ്ഞില്ലെന്നും ഹോട്ടലുകൾ ദൂരദേശങ്ങളിലായി വ്യാപിച്ചുകിടക്കുന്നതാണിതിന് കാരണമെന്നും സമിതി മനസ്സിലാക്കുന്നു. അതിനാൽ, ആദിവാസികൾ നടത്തിവരുന്ന ചികിത്സകൾ, ഉറവ് പോലുള്ള പ്രോജക്ടുകൾ എന്നിവയെ ജില്ലാതലത്തിൽ കോ-ഓർഡിനേറ്റ് ചെയ്യണമെന്നും ഹോട്ടലുകളെ ആശ്രയിച്ച് മാത്രം പദ്ധതി നടപ്പാക്കാൻ ശ്രമിക്കാതെ ജില്ലയിലെ നൂൽപ്പുഴ പഞ്ചായത്തിലെ ചെട്ടിയാലത്തുരിലെ ട്രൈബൽ വില്ലേജുകളെ ഉൾപ്പെടുത്തി രൂപീകരിച്ചതായ പുതിയ പാക്കേജിന്റെ കൂടി അടിസ്ഥാനത്തിൽ വയനാട് ജില്ലയിൽ ഈ പദ്ധതി നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

31. ഉത്തരവാദിത്വ ടൂറിസം പ്രോജക്ടിൽ നിലവിൽ ഉൾപ്പെടുത്തിയിട്ടുള്ള പഞ്ചായത്തുകൾക്കുപുറമെ എറണാകുളം ജില്ലയിലെ കുമ്പളങ്ങി, വയനാട്ടിലെ അമ്പലവയൽ, കാസർഗോഡ് ജില്ലയിലെ ബേക്കൽ എന്നീ പ്രദേശങ്ങളെക്കൂടി പുതിയതായി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ പ്രസ്തുത പ്രദേശങ്ങളുടെ പ്രത്യേകതകൾക്കനുസൃതമായ രീതിയിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തി പദ്ധതി നടപ്പാക്കാൻ പരിശ്രമിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

32. ഇടുക്കി ജില്ലയിലെ മൂന്നാർ, പ്ലാന്റേഷൻ ഏരിയ ആയതിനാൽ സ്ഥലലഭ്യതയുടെ അഭാവംമൂലം പച്ചക്കറിക്കൃഷി ചെയ്യുന്നതിന് സാധിക്കില്ലെന്നും ആയതിനാൽ, പ്രസ്തുത പ്രദേശത്തെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുകയാണെങ്കിൽ പാരിസ്ഥിതികമായ പല പ്രശ്നങ്ങളും തരണം ചെയ്യേണ്ടതുണ്ടെന്നും വിലയിരുത്തിയ സമിതി, മൂന്നാറിനെ ഉത്തരവാദിത്വ വിനോദസഞ്ചാര പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന്റെ സാദ്ധ്യതകൾ സംബന്ധിച്ച് സമഗ്രമായൊരു പുനഃരാലോചന നടത്തണമെന്ന് നിർദ്ദേശിക്കുന്നു.

33. ഉത്തരവാദിത്വ വിനോദസഞ്ചാരത്തിലൂടെ പ്രദേശവാസികൾക്ക് നേട്ടമുണ്ടാക്കുന്നതിനോടൊപ്പം തന്നെ ആലോചിക്കേണ്ട പ്രധാന വിഷയമാണ് വേസ്റ്റ് മാനേജ്മെന്റ്. കോവളത്തെ പരിസരവാസികൾക്ക് കുടിവെള്ള പദ്ധതിക്കായി ടൂറിസം വകുപ്പ് 14 കോടി രൂപ നൽകുകയും വേസ്റ്റ് മാനേജ്മെന്റിന്റെ ഭാഗമായി എല്ലാ വീടുകൾക്കും ബയോഗ്യാസ് പ്ലാന്റ് സൗജന്യമായി സ്ഥാപിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുകയുണ്ടായി. അതേമാതൃകയിൽ ശരിയായ രീതിയിലുള്ള വേസ്റ്റ് മാനേജ്മെന്റ് ആസൂത്രണം ചെയ്ത് നടപ്പാക്കിയില്ലെങ്കിൽ മിക്ക ടൂറിസ്റ്റ് കേന്ദ്രങ്ങളും വൻതകർച്ച നേരിടേണ്ടിവരുമെന്ന വസ്തുത പരിഗണിച്ച് ഈ പ്രോജക്ടിൽ വേസ്റ്റ് മാനേജ്മെന്റിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള ഒരു കർമ്മ പദ്ധതികൂടി ഉൾപ്പെടുത്തേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.

34. വീടുകളിൽ നിന്നുള്ള വേസ്റ്റിന്റെ പ്രശ്നം പോലെതന്നെ ടൂറിസ്റ്റുകളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്ന നിസ്സഹകരണം പ്ലാസ്റ്റിക് മാലിന്യം കുന്നുകൂടുന്നതിന് ഇടയാക്കുന്നു. പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളെ പ്ലാസ്റ്റിക് ഫ്രീ സോൺ ആയി പ്രഖ്യാപിച്ചു കഴിഞ്ഞെങ്കിലും പ്ലാസ്റ്റിക് മാലിന്യങ്ങൾ പൂർണ്ണമായി ഒഴിവാക്കുവാൻ കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. മാത്രമല്ല വൻതോതിലുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ ടൂറിസം കേന്ദ്രത്തോടനുബന്ധിച്ചുള്ള പ്രദേശങ്ങളിലെ പുഴകളിലും തോടുകളിലും

നിക്ഷേപിക്കപ്പെടുന്നതായും സമിതി മനസ്സിലാക്കുന്നു. ഈ ദുരവസ്ഥയ്ക്കു പരിഹാരമുണ്ടാക്കാൻ ജനകീയ ഇടപെടൽ ശക്തിപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. അതോടൊപ്പം വേസ്റ്റ് മാനേജ്മെന്റിന്റെ ഭാഗമായി പ്ലാസ്റ്റിക് മാലിന്യങ്ങൾ ഇല്ലാതാക്കുന്നതിനായി ആവശ്യമായ പ്ലാസ്റ്റിക് റീ സൈക്ലിംഗ് മെഷീനുകൾ നിശ്ചിത സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

ഓരോ പ്രദേശത്തിന്റെയും ഭൂമിശാസ്ത്രവും പാരിസ്ഥിതികവും കാലാവസ്ഥാപരവും ആയ പ്രത്യേകതകൾ, വായു, മണ്ണ്, ജലം, സസ്യജന്തുജാലങ്ങൾ എന്നിവയുടെ വൈവിദ്ധ്യവുമാണ് ടൂറിസത്തെ ആകർഷകമാക്കുന്നത്. ടൂറിസ്റ്റുകളും തദ്ദേശവാസികളും തമ്മിലും തദ്ദേശവാസികളും ടൂറിസം വ്യവസായവും തമ്മിലും ആരോഗ്യകരമായ ബന്ധം വളരണമെന്ന് സാമൂഹിക ഉത്തരവാദിത്വംകൊണ്ട് അർത്ഥമാക്കുകയും ചെയ്യുന്നു. ഭൂമിയുടെ മനോഹാരിതയും പരിസ്ഥിതിയും നാളത്തെ തലമുറയ്ക്ക് വേണ്ടി സംരക്ഷിക്കപ്പെടണം എന്ന തിരിച്ചറിവോടെ പരിസ്ഥിതിയെ സമീപിക്കുവാൻ സഞ്ചാരി കളെയും നിക്ഷേപകരെയും പാരിസ്ഥിതിക ഉത്തരവാദിത്വ ടൂറിസം ഓർമ്മപ്പെടുത്തുന്നു. മനുഷ്യകുലത്തിന്റെതന്നെ നിലനില്പുമായി ബന്ധപ്പെട്ടുകിടക്കുന്ന പ്രസ്തുത ഓർമ്മപ്പെടുത്തലുകൾ അവഗണിക്കപ്പെടേണ്ടതല്ലെന്നും മുന്നോട്ടുള്ള പ്രയാണത്തിൽ അത് ദിശാസൂചികകളായി മാറേണ്ടതാണെന്നും സമിതി നിരീക്ഷിക്കുന്നു. തദനുസൃതമായ ഏതാനും നിർദ്ദേശങ്ങളും ശിപാർശകളുമാണ് സമിതി ഈ റിപ്പോർട്ടിലൂടെ മുന്നോട്ടുവച്ചിരിക്കുന്നത്. അവ അർഹിക്കുന്ന പ്രാധാന്യത്തോടെ സർക്കാർ പരിഗണിക്കുമെന്ന് സമിതി പ്രത്യാശിക്കുന്നു.

തിരുവഞ്ചൂർ രാധാകൃഷ്ണൻ,<br>*ചെയർമാൻ,*<br>*വിഷയനിർണ്ണയ സമിതി X.*

തിരുവനന്തപുരം,<br>2014 ഒക്ടോബർ 31.

## അനുബന്ധം

## ഉത്തരവാദിത്വ ടൂറിസം പദ്ധതി വിപുലീകരിക്കുന്നതിനായി തെരഞ്ഞെടുത്ത 114 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പട്ടിക

| *നമ്പർ* | *തദ്ദേശ സ്ഥാപനങ്ങൾ* | *ജില്ല* | *എണ്ണം* |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | വർക്കല മുനിസിപ്പാലിറ്റി | തിരുവനന്തപുരം | 6 |
| 2 | പൂവാർ ഗ്രാമ പഞ്ചായത്ത് | | |
| 3 | കുളത്തൂർ ഗ്രാമ പഞ്ചായത്ത് | | |
| 4 | കോട്ടുകാൽ ഗ്രാമ പഞ്ചായത്ത് | | |
| 5 | വെങ്ങാനൂർ ഗ്രാമ പഞ്ചായത്ത് | | |
| 6 | ബാലരാമപുരം ഗ്രാമ പഞ്ചായത്ത് | | |
| 7 | തെന്മല ഗ്രാമ പഞ്ചായത്ത് | കൊല്ലം | 4 |
| 8 | കുളത്തൂപ്പുഴ ഗ്രാമ പഞ്ചായത്ത് | | |
| 9 | ആര്യൻകാവ് ഗ്രാമ പഞ്ചായത്ത് | | |
| 10 | ശാസ്താംകോട്ട ഗ്രാമ പഞ്ചായത്ത് | | |
| 11 | വൈക്കം മുനിസിപ്പാലിറ്റി | കോട്ടയം | 8 |
| 12 | അയ്മനം ഗ്രാമ പഞ്ചായത്ത് | | |
| 13 | ആർപ്പൂക്കര ഗ്രാമ പഞ്ചായത്ത് | | |
| 14 | ചെമ്പ് ഗ്രാമ പഞ്ചായത്ത് | | |
| 15 | മറവൻതുരുത്ത് ഗ്രാമ പഞ്ചായത്ത് | | |
| 16 | തലയാഴം ഗ്രാമ പഞ്ചായത്ത് | | |
| 17 | കുട്ടിക്കൽ ഗ്രാമ പഞ്ചായത്ത് | | |
| 18 | വെച്ചൂർ ഗ്രാമ പഞ്ചായത്ത് | | |
| 19 | ചക്കുപള്ളം ഗ്രാമ പഞ്ചായത്ത് | ഇടുക്കി | 14 |
| 20 | വണ്ടൻമേട് ഗ്രാമ പഞ്ചായത്ത് | | |
| 21 | പീരുമേട് ഗ്രാമ പഞ്ചായത്ത് | | |
| 22 | വണ്ടിപ്പെരിയാർ ഗ്രാമ പഞ്ചായത്ത് | | |

| (1) | (2) | (3) | (4) |
|---|---|---|---|
| 23 | മൂന്നാർ ഗ്രാമ പഞ്ചായത്ത് | ഇടുക്കി | 14 |
| 24 | ചിന്നക്കനാൽ ഗ്രാമ പഞ്ചായത്ത് | | |
| 25 | കാന്തല്ലൂർ ഗ്രാമ പഞ്ചായത്ത് | | |
| 26 | മറയൂർ ഗ്രാമ പഞ്ചായത്ത് | | |
| 27 | വട്ടവട ഗ്രാമ പഞ്ചായത്ത് | | |
| 28 | ഏലപ്പാറ ഗ്രാമ പഞ്ചായത്ത് | | |
| 29 | പെരുവന്താനം ഗ്രാമ പഞ്ചായത്ത് | | |
| 30 | കാമാക്ഷി ഗ്രാമ പഞ്ചായത്ത് | | |
| 31 | വാഴത്തോപ്പ് ഗ്രാമ പഞ്ചായത്ത് | | |
| 32 | ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്ത് | | |
| 33 | പറവൂർ മുനിസിപ്പാലിറ്റി | എറണാകുളം | 14 |
| 34 | മുളവുകാട് ഗ്രാമ പഞ്ചായത്ത് | | |
| 35 | കീരംപാറ ഗ്രാമ പഞ്ചായത്ത് | | |
| 36 | കടമക്കുടി ഗ്രാമ പഞ്ചായത്ത് | | |
| 37 | പിറവം ഗ്രാമ പഞ്ചായത്ത് | | |
| 38 | ഞാറയ്ക്കൽ ഗ്രാമ പഞ്ചായത്ത് | | |
| 39 | കാലടി ഗ്രാമ പഞ്ചായത്ത് | | |
| 40 | മലയാറ്റൂർ-നീലീശ്വരം ഗ്രാമ പഞ്ചായത്ത് | | |
| 41 | ചെല്ലാനം ഗ്രാമ പഞ്ചായത്ത് | | |
| 42 | കുമ്പളം ഗ്രാമ പഞ്ചായത്ത് | | |
| 43 | വടക്കേക്കര ഗ്രാമ പഞ്ചായത്ത് | | |
| 44 | ചേന്ദമംഗലം ഗ്രാമ പഞ്ചായത്ത് | | |
| 45 | ചിറ്റാറ്റിൻകര ഗ്രാമ പഞ്ചായത്ത് | | |
| 46 | പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത് | | |

| (1) | (2) | (3) | (4) |
|---|---|---|---|
| 47 | കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി | തൃശ്ശൂർ | 5 |
| 48 | പാണഞ്ചേരി ഗ്രാമ പഞ്ചായത്ത് | | |
| 49 | അതിരപ്പിള്ളി ഗ്രാമ പഞ്ചായത്ത് | | |
| 50 | തളിക്കുളം ഗ്രാമ പഞ്ചായത്ത് | | |
| 51 | മതിലകം ഗ്രാമ പഞ്ചായത്ത് | | |
| 52 | ചിറ്റാർ ഗ്രാമ പഞ്ചായത്ത് | പത്തനംതിട്ട | 2 |
| 53 | സീതത്തോട് ഗ്രാമ പഞ്ചായത്ത് | | |
| 54 | പൊഴുതന ഗ്രാമ പഞ്ചായത്ത് | വയനാട് | 12 |
| 55 | പടിഞ്ഞാറെത്തറ ഗ്രാമ പഞ്ചായത്ത് | | |
| 56 | മുട്ടിൽ ഗ്രാമ പഞ്ചായത്ത് | | |
| 57 | മീനങ്ങാടി ഗ്രാമ പഞ്ചായത്ത് | | |
| 58 | മേപ്പാടി ഗ്രാമ പഞ്ചായത്ത് | | |
| 59 | സുൽത്താൻബത്തേരി ഗ്രാമ പഞ്ചായത്ത് | | |
| 60 | പനമരം ഗ്രാമ പഞ്ചായത്ത് | | |
| 61 | പുൽപ്പള്ളി ഗ്രാമ പഞ്ചായത്ത് | | |
| 62 | മാനന്തവാടി ഗ്രാമ പഞ്ചായത്ത് | | |
| 63 | എടവക ഗ്രാമ പഞ്ചായത്ത് | | |
| 64 | നൂൽപ്പുഴ ഗ്രാമ പഞ്ചായത്ത് | | |
| 65 | തവിഞ്ഞാൽ ഗ്രാമ പഞ്ചായത്ത് | | |
| 66 | കണ്ണൂർ മുനിസിപ്പാലിറ്റി | കണ്ണൂർ | 8 |
| 67 | തളിപ്പറമ്പ മുനിസിപ്പാലിറ്റി | | |
| 68 | പുഴാതി ഗ്രാമ പഞ്ചായത്ത് | | |
| 69 | പള്ളിക്കുന്ന് ഗ്രാമ പഞ്ചായത്ത് | | |
| 70 | ആറളം ഗ്രാമ പഞ്ചായത്ത് | | |
| 71 | അഴീക്കോട് ഗ്രാമ പഞ്ചായത്ത് | | |
| 72 | ധർമ്മടം ഗ്രാമ പഞ്ചായത്ത് | | |
| 73 | മുഴകുന്ന് ഗ്രാമ പഞ്ചായത്ത് | | |

| (1) | (2) | (3) | (4) |
|---|---|---|---|
| 74 | പൊന്നാനി മുനിസിപ്പാലിറ്റി | മലപ്പുറം | 12 |
| 75 | മലപ്പുറം മുനിസിപ്പാലിറ്റി | | |
| 76 | നിലമ്പൂർ മുനിസിപ്പാലിറ്റി | | |
| 77 | കോട്ടക്കൽ മുനിസിപ്പാലിറ്റി | | |
| 78 | വണ്ടൂർ ഗ്രാമ പഞ്ചായത്ത് | | |
| 79 | എടക്കര ഗ്രാമ പഞ്ചായത്ത് | | |
| 80 | കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത് | | |
| 81 | കരുവാരക്കുണ്ട് ഗ്രാമ പഞ്ചായത്ത് | | |
| 82 | താഴേക്കോട് ഗ്രാമ പഞ്ചായത്ത് | | |
| 83 | താനൂർ ഗ്രാമ പഞ്ചായത്ത് | | |
| 84 | ചാലിയാർ ഗ്രാമ പഞ്ചായത്ത് | | |
| 85 | പുറത്തൂർ ഗ്രാമ പഞ്ചായത്ത് | | |
| 86 | അരൂക്കുറ്റി ഗ്രാമ പഞ്ചായത്ത് | ആലപ്പുഴ | 10 |
| 87 | തണ്ണീർമുക്കം ഗ്രാമ പഞ്ചായത്ത് | | |
| 88 | മുഹമ്മ ഗ്രാമ പഞ്ചായത്ത് | | |
| 89 | നെടുമുടി ഗ്രാമ പഞ്ചായത്ത് | | |
| 90 | മാരാരിക്കുളം സൗത്ത് ഗ്രാമ പഞ്ചായത്ത് | | |
| 91 | മാരാരിക്കുളം നോർത്ത് ഗ്രാമ പഞ്ചായത്ത് | | |
| 92 | കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്ത് | | |
| 93 | തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്ത് | | |
| 94 | കൃഷ്ണപുരം ഗ്രാമ പഞ്ചായത്ത് | | |
| 95 | മാവേലിക്കര-താമരക്കുളം ഗ്രാമ പഞ്ചായത്ത് | | |
| 96 | കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി | കാസർഗോഡ് | 4 |
| 97 | പടന്ന ഗ്രാമ പഞ്ചായത്ത് | | |
| 98 | വലിയപറമ്പ ഗ്രാമ പഞ്ചായത്ത് | | |
| 99 | പനത്തടി ഗ്രാമ പഞ്ചായത്ത് | | |

| (1) | (2) | (3) | (4) |
|---|---|---|---|
| 100 | വടകര മുനിസിപ്പാലിറ്റി | കോഴിക്കോട് | 7 |
| 101 | കൊയിലാണ്ടി മുനിസിപ്പാലിറ്റി | | |
| 102 | പയ്യോളി ഗ്രാമ പഞ്ചായത്ത് | | |
| 103 | കോടഞ്ചേരി ഗ്രാമ പഞ്ചായത്ത് | | |
| 104 | കടലുണ്ടി ഗ്രാമ പഞ്ചായത്ത് | | |
| 105 | നാദാപുരം ഗ്രാമ പഞ്ചായത്ത് | | |
| 106 | താമരശ്ശേരി ഗ്രാമ പഞ്ചായത്ത് | | |
| 107 | പാലക്കാട് മുനിസിപ്പാലിറ്റി | പാലക്കാട് | 8 |
| 108 | മുതലമട ഗ്രാമ പഞ്ചായത്ത് | | |
| 109 | മലമ്പുഴ ഗ്രാമ പഞ്ചായത്ത് | | |
| 110 | വെള്ളിനേഴി ഗ്രാമ പഞ്ചായത്ത് | | |
| 111 | നെല്ലിയാമ്പതി ഗ്രാമ പഞ്ചായത്ത് | | |
| 112 | അഗളി ഗ്രാമ പഞ്ചായത്ത് | | |
| 113 | ഷോളയൂർ ഗ്രാമ പഞ്ചായത്ത് | | |
| 114 | തിരുവേഗപുറ ഗ്രാമ പഞ്ചായത്ത് | | |
| | | ആകെ | 114 |